# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T2437

18.12.2012-ൽ
മറുപടിക്ക്.

## ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പൈപ്പ് ലൈനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(ഉദുമ) | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ സ്ഥാപിക്കുന്ന പൈപ്പ് ലൈൻ ജനവാസ കേന്ദ്രങ്ങളിലൂടെയും കൃഷിയിടങ്ങളിലൂടെയുമാണ് കടന്നുപോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൈപ്പ് ലൈൻ കടന്നുപോകുന്നത് 70% കൃഷിയിടങ്ങളിലൂടെയാണ്. ബാക്കിയുള്ളവ പറമ്പുകളിലൂടെയും നദി, റോഡ് എന്നിവയിലൂടെയുമാണ്. |
| (ബി) കാസർഗോഡ് ജില്ലയിൽ ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കുന്നത്; | (ബി) കാസർഗോഡ് ജില്ലയിൽ (78Km Length* 20 Mtr wide) 15,60,000 ചതുരശ്ര മീറ്റർ ഭൂമി ആണ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നത്. ഉപയോഗാവകാശത്തിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി കുറയ്ക്കുവാനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇത് അംഗീകരിക്കുന്ന പക്ഷം കാസർഗോഡ് ജില്ലയിൽ ആവശ്യമായ ഭൂമിയുടെ വിസ്തൃതി (78Km Length* 10 Mtr wide)7,80,000 ചതുരശ്ര മീറ്റർ ആയി ചുരുങ്ങുന്നതാണ്. ചുരുങ്ങിയ വിസ്തീർണ്ണത്തിൽ മാത്രമെ നിബന്ധനകൾ പാലിക്കേണ്ടതുള്ളൂ. |

| | |
|---|---|
| (സി) സ്ഥലം നഷ്ടപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്ന കർഷക സംഘടനകളുടെ ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) സ്ഥലം നഷ്ടപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്ന കർഷക സംഘടനകളുടെ ആവശ്യത്തിന്മേൽ, GAIL (India) Limited നിർദ്ദേശിച്ച ഡെപ്യൂട്ടി കളക്ടർ തസ്തികയിലുള്ള കോമ്പിറ്റന്റ് അതോറിറ്റിയാണ് നഷ്ടപരിഹാരം നിർണയിക്കുന്നത്<br>കർഷകർക്ക് 3 ഇനങ്ങൾക്കാണ് നഷ്ടപരിഹാരം നൽകുന്നത്.<br>1. സ്ഥലമുപയോഗത്തിനായുള്ള നഷ്ടപരിഹാരം.<br>2.കൃഷി ചമയങ്ങളുടെ നഷ്ടപരിഹാരം.<br>3. Civil structure, ചാല്, കിണർ, മതിൽ മുതലായവയ്ക്കുള്ള നഷ്ടപരിഹാരം. |

**സെക്ഷൻ ഓഫീസർ**